# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :1598** 07/03/2018 **ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ധനസഹായം നൽകിയ കുടുംബങ്ങളുടെ പേരു വിവരം

**ചോദ്യം**

**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

**ഉത്തരം**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപകടമരണം സംഭവിച്ച എത്ര പേരുടെ കുടുംബങ്ങൾക്കു ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപകടമരണം സംഭവിച്ച 3622 പേരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട് |
| (ബി) ധനസഹായം നൽകിയ കുടുംബങ്ങളുടെ പേരു വിവരവും അനുവദിച്ച തുകയും ആനുകൂല്യങ്ങളും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | ബി) | മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സാഹചര്യങ്ങളിലും കാരണങ്ങളാലും കൊലചെയ്യപ്പെട്ട എത്ര കുടുംബങ്ങൾക്കു ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | സി) | കൊല ചെയ്യപ്പെട്ട 7 പേരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട് |
| (ഡി) ധനസഹായം നൽകിയ കുടുംബങ്ങളുടെ പേരു വിവരവും അനുവദിച്ച തുകയും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;<br><br>(ഇ) ഓരോ കുടുംബത്തിനും ആരുടെ അപേക്ഷയിന്മേലാണ് ധനസഹായം നൽകിയതെന്ന് വ്യക്തമാക്കാമോ? | ഡി) & ഇ) | മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**തിരുവനന്തപുരം**<br>സൗദി അറേബ്യയിലെ റിയാദിൽ വെച്ച് വെടിയേറ്റ് മരിച്ച മണമ്പൂർ വില്ലേജിൽ ആലംകോട് മാജിതാ മൻസിലിൽ നസീറിന്റെ അവകാശികളായ ആമിനാ ബീവി, ബീന, മുഹമ്മദ്, ആഷിഖ്, നെഹ്റൈൻ നസീർ, നസ്രിൻ എന്നിവർക്ക് അഡ്വ.ബി.സത്യൻ എം.എൽ.എ സമർപ്പിച്ച അപേക്ഷയി |

ന്മേൽ 5 ലക്ഷം രൂപ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

എറണാകുളം

കൊലചെയ്യപ്പെട്ട റിസ്റ്റി ജോൺ എന്ന കുട്ടിയുടെ കുടുംബത്തിന് 5,00,000/- രൂപയും 28/04/2016-ന് കൊലചെയ്യപ്പെട്ട ജിഷയുടെ മാതാവ് രാജേശ്വരിക്ക് 5000/- രൂപ നിരക്കിൽ എല്ലാ മാസവും പെൻഷൻ അനുവദിക്കുന്നതിനും സർക്കാർ തീരുമാനപ്രകാരം ഉത്തരവായിട്ടുണ്ട്.

പാലക്കാട്

കാശ്മീരിൽ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീജിത്ത്, കളത്തിൽവീട്, പെരിങ്ങോട്ടുകുറിശ്ശി, ആലത്തൂർ താലൂക്ക് എന്നയാളുടെ കുടുംബത്തിനും മണ്ണാർക്കാട് താലൂക്കിൽ മരണമടഞ്ഞ ആദിവാസി യുവാവ് മധുവിന്റെ മാതാവായ ശ്രീമതി.മല്ലിക്കും 10,00,000/- രൂപ വീതം സർക്കാർ തീരുമാനപ്രകാരം ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പട്ടാമ്പി താലൂക്കിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട ഗിരീഷ് മേനേകത്ത്, തിരുമിറ്റക്കോട് എന്നയാളുടെ കുടുംബത്തിന് സഹോദരനായ എം.ആർ.സന്തോഷ് എന്നയാളുടെ അപേക്ഷയിന്മേൽ 5,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.

മലപ്പുറം

കൊലചെയ്യപ്പെട്ട പുല്ലാണി ഫൈസലിന്റെ കുടുംബത്തിന് തിരൂരങ്ങാടി എം.എൽ.എ ശ്രീ.പി.കെ.അബ്ദുറബ്ബ് സമർപ്പിച്ച അപേക്ഷയിന്മേൽ 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

Sunila. A S.

സെക്ഷൻ ആഫീസർ